**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1638** **28-07-2021 - ൽ മറുപടിയ്ക്ക്**

**ബി.പി.എൽ. പട്ടികയിലെ അനർഹർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കടകളിൽ ബി.പി.എൽ. കാർഡുടമകളുടെ പേരും വിലാസവും പ്രദർശിപ്പിക്കുവാനുള്ള നടപടി പരിഗണനയിലുണ്ടോ ; വ്യക്തമാക്കുമോ ; | (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിലാക്കിയതിന്റെ ഭാഗമായി പൊതുവിതരണ സമ്പ്രദായത്തിൽ എ.പി.എൽ/ബി.പി.എൽ വിഭാഗങ്ങൾക്കു പകരം മുൻഗണന/മുൻഗണനേതര പട്ടികകളാണ് നിലവിലുള്ളത്. റേഷൻ കടകളിൽ മുൻഗണനാ കാർഡുടമകളുടെ പേരും വിലാസവും പ്രദർശിപ്പിക്കുവാനുള്ള നിർദ്ദേശം എല്ലാ താലൂക്കുകളിലും നൽകിയിട്ടുണ്ട്. |
| (ബി) | ബി.പി.എൽ. പട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കുവാൻ സ്വീകരിച്ചിരിക്കുന്ന മാർഗങ്ങളെന്തെല്ലാം; വിശദമാക്കുമോ ? | (ബി) | പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ആയിരം സ്ക്വയർഫീറ്റിലധികം വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും, നാലുചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽ നിന്നും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്നും ശേഖരിച്ച് ആർ.സി.എം.എസ് ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരാണെന്നു കണ്ടെത്തിയവരെ ഉൾപ്പെടുത്തി വരുന്നു. എ.എ.വൈ/ പി.എച്ച്.എച്ച് വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്ന് മാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെന്ന് കണ്ടെത്തുന്നവരെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്. ഇതിനു പുറമേ എഎ.വൈ, മുൻഗണനാ റേഷൻകാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം 15.07.2021 വരെ നൽകുകയുണ്ടായി. ഇപ്രകാരം മുൻഗണനാ പട്ടികയിൽപ്പെട്ട അനർഹരെ ഒഴിവാക്കുന്ന നടപടികൾ തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ